## മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ് പ്രസിഡന്റ്
## യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്തായിൽ നിന്നും

കല്പന നമ്പർ : G. 21/2026

കർത്താവിൽ പ്രിയരേ,

ക്രിസ്തുയേശുവിൽ വന്ദനം

യേശുക്രിസ്തുവിലൂടെ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ നിദർശനമായി വികസന ആശയങ്ങൾ ആവിഷ്കരിച്ച് കാലോചിതമായി നടപ്പിലാക്കുക എന്ന ഉദ്ദേശ ലക്ഷ്യത്തോടുകൂടി 1977 ൽ രൂപം നൽകിയ പ്രസ്ഥാനമാണ് മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്. ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ ഇടവകതല യൂണിറ്റാണ് ഇടവക വികസന സംഘങ്ങൾ. 2023 മുതൽ പ്രസ്തുത സംഘടന സഭയുടെ ഔദ്യോഗിക സംഘടനയായി അംഗീകരിച്ചു 10 ഭദ്രാസനങ്ങളിലായി 310 ഇടവകകളിൽ വികസനസംഘം പ്രവർത്തിച്ചുവരുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെയും പ്രകൃതി നശീകരണത്തിന്റെയും, ലഹരിയുടെയും, പിടിയിലമർന്നിരിക്കുന്ന സമൂഹത്തിൽ ദരിദ്രരുടെയും പുറംതള്ളപ്പെടുന്നവരുടെയും എണ്ണം അനുദിനം വർദ്ധിച്ചുവരുന്നു. ചൂഷണത്തിന്റെയും, അനീതിയുടെയും കെട്ടുപാടുകളിൽ വീണുപോയവരോട് ചേർന്ന് നിൽക്കുവാനും ജീവനെ സംരക്ഷിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കുചേരുവാനുമാണ് വികസനസംഘം ലക്ഷ്യമിടുന്നത്.

നിലവിലുള്ള വികസനസംഘാംഗങ്ങളുടെ കാലാവധി 2026 മാർച്ച് 31 ന് അവസാനിക്കും. 2026–2029 കാലയളവിലേക്ക് പുതുതായി അംഗങ്ങളെ ചേർക്കുകയും നിലവിലുള്ള വികസനസംഘാംഗങ്ങൾ അംഗത്വം പുതുക്കുകയും, വികസന സംഘം ഇല്ലാത്ത ഇടവകകളിൽ പുതുതായി രൂപികരിച്ച് രജിസ്റ്റർ ചെയ്യുകയും വേണം. മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ ഭരണഘടന നിർദ്ദേശിക്കുന്നതിൻ പ്രകാരം വികസനസംഘങ്ങൾ രൂപികരിച്ച് 2026 മാർച്ച് 31 ന് മുമ്പായി കേന്ദ്ര ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഓരോ ഇടവകയിലും വികസനപ്രവർത്തന പരിപാടികളിൽ താല്പര്യമുള്ള വ്യക്തികൾ ഇടവക വികസനസംഘം നിശ്ചയിക്കുന്ന തുക ഫീസായി നൽകി അംഗത്വം എടുക്കേണ്ടതാണ്. ഒരു വികസനസംഘത്തിൽ കുറഞ്ഞത് 15 അംഗങ്ങൾ എങ്കിലും ഉണ്ടായിരിക്കണം. കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യുന്നതിനായി പൂരിപ്പിച്ച അപേക്ഷകളുടെ 2 കോപ്പിയും, അംഗങ്ങളുടെ പേര് വിവര പട്ടികയും, 1 അംഗത്തിന് 20 രൂപ നിരക്കിൽ അംഗത്വ ഫീസും, ഇടവക വികാരിയുടെ ഒപ്പും, സീലോടുംകൂടിയ അപേക്ഷ കേന്ദ്ര ഓഫീസിലോ, മാരാമൺ മണൽപ്പുറത്തുള്ള ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ ഓഫീസ് സ്റ്റാളിലോ നൽകേണ്ടതാണ്. തുടർന്ന് സെന്റർ, ഭദ്രാസന, കേന്ദ്രതലങ്ങളിൽ വികസനസംഘങ്ങൾ രൂപീകരിച്ച് തെരഞ്ഞെടുപ്പുകൾ നടത്തുന്നതാണ്. “ഞാൻ വന്നത് നിങ്ങൾക്ക് ജീവൻ ഉണ്ടാകുവാനും, സമൃദ്ധിയായിട്ട് ഉണ്ടാകുവാനും അത്രേ” എന്ന ക്രിസ്തുവചനം (യോഹ.10:10). എല്ലാവർക്കുമുള്ള സദ്വാർത്ത ആയിരിക്കണം. പുതിയ നൂറ്റാണ്ടിലെ ഈ വെല്ലുവിളി ഏറ്റെടുക്കുവാൻ എല്ലാ ഇടവകകളിലും വികസനസംഘം രൂപീകരിച്ച് ക്രീയാത്മകമായി പ്രവർത്തിക്കാൻ എല്ലാവരും ഉത്സാഹിക്കണം.

കർത്താവേശുമശിഹായുടെ കൃപ നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

2026 ജനുവരി 5–ാം തീയതി ചെങ്ങന്നൂർ ഒലിവറ്റ് അരമനയിൽ നിന്നും

**യൂയാക്കീം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത**
(പ്രസിഡന്റ്, മലങ്കര മാർത്തോമ്മാ സഭ ഡവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്)